## സംയോജിത ശിശുസംരക്ഷണ പദ്ധതി, കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ
**(ഹാജർ: അനുപമ T.V IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം:- വനിതാ ശിശു വികസന വകുപ്പ്-ICPS-SCPS-മാസ്റ്റർ ഷഫീക്ക് കമ്മിറ്റി റിപ്പോർട്ട് പ്രകാരം ആലപ്പുഴ ജില്ലയ്ക്ക അനുവദിച്ച തുക Recoup ചെയ്തുകൊണ്ട് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1.18.03.2014 ലെ GO(RT)No.193/2014/സാ.നീ.വ
2. ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 02/02/2021 ലെ ഡി.സി.പി.യു/ എ/605/20. നമ്പർ കത്ത്.
3.ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ. ICPS 4/9129/15 തിയതി: 26-06-2015.

### ഉത്തരവ് നമ്പർ ICPS 4(A)/9129/15 തിയതി: 15.02.2021

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ രൂപികരിച്ച മാസ്റ്റർ ഷഫീക്ക് കമ്മിറ്റി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും പീഡനത്തിന് ഇരയാകുന്ന കുഞ്ഞുങ്ങൾക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനായി മേൽപരാമർശം (2) പ്രകാരം എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ പേരിലും 20000/-രൂപ കരുതൽ തുകയായി അനുവദിക്കുകയുണ്ടായി

ഇതുപ്രകാരം ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ പേരിൽ അനുവദിച്ച തുകയിൽ നിന്നും വിശാഖ് എന്ന കുട്ടിയുടെ ചികിത്സ ചെലവുകൾ വഹിക്കുന്നതിനായി അനുവദിച്ചു നൽകുകയുണ്ടായി. ആയത് Recoup ചെയ്തു നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് മേൽസൂചന 1 പ്രകാരം DCPO അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ സമർപ്പിച്ചിട്ടുള്ള ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് രസീത് എന്നിവ പരിശോധിച്ചു. തുക Recoup ചെയ്തു നൽകാവുന്നതാണ്.

ഈ സാഹചര്യത്തിൽ ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് കരുതൽ തുകയിൽ ചെലവായ **13,665/-രൂപ (പതിമൂവായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം)** Recoup ചെയ്യുവാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ടി തുക **13,665/-രൂപ (പതിമൂവായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം)** ICPS-ന്റെ ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ സംസ്ഥാന വിഹിതത്തിൽ നിന്നും ആലപ്പുഴ ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി നൽകേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ പ്രസ്തുത തുക അല്ലോട്മെന്റ് ആയി DCPO യ്ക്ക് നൽകേണ്ടതുമാണ്. DCPO തുകയുടെ 60% ചെലവാകുന്ന മുറയ്ക്ക് UC, Expenditure statement എന്നിവ SCPS ഓഫീസിൽ സമർപ്പിച്ച് തുക recoup ചെയ്യേണ്ടതും വരവുചെലവു കണക്കുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന *ഡയറക്ടർ* &
മെമ്പർ സെക്രട്ടറി SCPS

ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ,ആലപ്പുഴ

പകർപ്പ്

1. സൂപ്രണ്ട് എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
2. ICPS-4
3. വെബ്സൈറ്റ്
4. സ്റ്റോക്ക് ഫയൽ

OFFICE OF THE INTEGRATED CHILD PROTECTION SCHEME THIRUVANANTHAPURAM- 12 WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്